# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 1,34,617/- (ഒരു ലക്ഷത്തി മുപ്പത്തി നാലായിരത്തി അറുന്നൂറ്റി പതിനേഴ് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 163/2018/തസ്വഭവ. തിരുവനന്തപുരം, തീയതി. 18.01.2018

---

പരാമർശം:- 1) പാലക്കാട് ജില്ലയിലെ പൂക്കോട്ട്കാവ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 21.03.2015 ലെ എ 5-3252/12 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 09.05.2016 ലെ എം3-924/2016 നമ്പർ കത്ത്.
3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 14.06.2017 -ലെ കെ.എസ്.എ.7361/ പി.റ്റി2/2016 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്തിലെ 2006-07 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം, 31.03.2004 ലെ ജി.ഒ. (എം.എസ്.)40/04 പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം സബ്സിഡി ഒരു ബൃഹത്തായ സംയോജിത ഉത്പാദന വർദ്ധന പദ്ധതിയുടെ ഘടകമായി മാത്രമേ നൽകാവൂ എന്നും വളം വിതരണം ചെയ്യുന്നതിന് മാത്രമായി പദ്ധതികൾ പാടില്ലെന്നുമിരിക്കെ അതിനു വിരുദ്ധമായി ഗുണഭോക്താക്കൾക്ക് വളം മാത്രമായി വിതരണം നടത്തിയതിനാൽ ചെലവഴിച്ച 1,34,617/- രൂപ തടസ്സപ്പെടുത്തിയിരുന്നു. ടി തടസ്സപ്പെടുത്തൽ സാധൂകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് പൂക്കോട്ട്കാവ് പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. തുടർന്ന് ആയതിൻമേലുള്ള അഭിപ്രായം സർക്കാർ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറോട് ആവശ്യപ്പെടുകയും പരാമർശം (3) പ്രകാരം ആയത് സർക്കാരിൽ ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്.

2. സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് അനുസരിച്ച് 31.03.2014 ലെ ജി.ഒ. (എം.എസ്.)40/2004 പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം സബ്സിഡി ഒരു ബൃഹത്തായ സംയോജിത ഉത്പാദന വർദ്ധന പദ്ധതിയുടെ ഘടകമായി മാത്രമേ നൽകാവൂ എന്നും വളം വിതരണം ചെയ്യുന്നതിന് മാത്രമായി പദ്ധതികൾ പാടില്ലെന്നുമിരിക്കെ അതിന് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് വളം മാത്രമായി വിതരണം നടത്തിയതിനാൽ ചെലവഴിച്ച 1,34,617/- രൂപ ഖണ്ഡിക 3(3) പ്രകാരം തടസ്സപ്പെടുത്തിയിരുന്നുവെങ്കിലും നെൽകർഷകർക്ക് ജൈവവളവും രാസവളവും വിതരണം ചെയ്തത് വളരെയധികം ആശ്വാസകരമായെന്നും നെൽഉത്പാദനത്തിൽ കാര്യമായ പുരോഗതി ഉണ്ടായെന്നും തുടർന്നും ഈ പദ്ധതി നടപ്പിലാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നുവെന്നുമുള്ള കൃഷി ഓഫീസറുടെ വിശദീകരണം, പഞ്ചായത്ത് കമ്മിറ്റിയുടെ 13.03.2015 ലെ 9(1)-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും പദ്ധതിയുടെ നല്ല ഉദ്ദേശ്യം കണക്കിലെടുത്തും മേലിൽ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്ന നിർദ്ദേശത്തോടുകൂടി സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിരിയ്ക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫീസറുടെ വിശദീകരണം, പഞ്ചായത്ത് കമ്മിറ്റിയുടെ 13.03.2015 ലെ 9(1)-ാം നമ്പർ തീരുമാനം, യുക്തമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളാവുന്നതാണെന്ന അഭിപ്രായം എന്നിവ പരിഗണിച്ച് പാലക്കാട് ജില്ലയിലെ പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്തിലെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 1,34,617/- (ഒരു ലക്ഷത്തി മുപ്പത്തി നാലായിരത്തി അറുന്നൂറ്റി പതിനേഴ് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

വി.എസ്.സന്തോഷ്
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ